നം.എൻ.എം. (1)/65930/2013/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി : 04/02/2014

## സർക്കുലർ

വിഷയം :- പൊതുവിദ്യാഭ്യാസം --- ഉച്ചഭക്ഷണ പദ്ധതി -- വിദ്യാഭ്യാസ ഉപ ഡയറക്ടർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ കാര്യാലയത്തിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം വിതരണം ചെയ്യുന്നതു സംബന്ധിച്ച്.

സൂചന :- 1) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 05/10/2013, 15/12/2013 എന്നീ തീയതികളിലെ എൻ.എം.(1)/65930/2013/ഡി.പി.ഐ. നമ്പർ സർക്കുലർ.

**********

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് നൂൺ മീൽ വിഭാഗത്തിലെ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ / ജില്ലാ വിദ്യാഭ്യാസ ഓഫിസർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ എന്നിവരുടെ കാര്യാലയത്തിൽ ഓരോ ഡാറ്റാ എൻട്രി ഓപ്പറേറ്ററെ വീതം നിയമിക്കുന്നതിന് സൂചന (1) സർക്കുലർ പ്രകാരം ഉത്തരവായിരുന്നു.

മേൽ നിർദ്ദേശം എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർ എന്നിവരുടെ കാര്യാലയങ്ങളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ മാസം 10 ദിവസത്തേക്ക് മാത്രമായി നിയമിക്കുന്നതിനു മേൽ സൂചന (1) ലെ സർക്കുലറിൽ ഭേദഗതി വരുത്തി 15/12/2013 ലെ സർക്കുലർ പ്രകാരം ഉത്തരവായിരുന്നു.

വിദ്യാഭ്യാസ ഉപഡയറക്ടർ / ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ കാര്യാലയങ്ങളിൽ മേൽ സർക്കുലർ പ്രകാരം നിയമിക്കപ്പെട്ട ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വേതനം നൽകുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരോടും നിർദ്ദേശിക്കുന്നു.

1. ഓരോ വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിലും, തങ്ങളുടെ പരിധിയിൽപ്പെടുന്ന മറ്റു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും നിയമിതരായിട്ടുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെ അതാതു മാസത്തെ വേതനം (പരമാവധി 10 ദിവസം) അനുവദിച്ച് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉത്തരവു പുറപ്പെടുവിക്കേണ്ടതാണ്.

2. തുക അനുവദിക്കുന്നതിനായി, ചുവടെ കൊടുത്തിട്ടുള്ള അനുബന്ധത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി വേതനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പു സഹിതം ഈ കാര്യാലയത്തിൽ കൃത്യമായി അയച്ചുതരേണ്ടതാണ്.

3. ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ ഹാജർ രജിസ്റ്റർ അതാത് ഓഫീസിൽ സൂക്ഷിക്കേണ്ടതും, പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

4. വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന അനുബന്ധത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ആകെ തുക കുടുംബശ്രീയുടെ ഡയറക്ടറേറ്റിലേക്ക് കൈമാറുന്നതും പ്രസ്തുത വേതനം കുടുംബശ്രീ ഡയറക്ടറേറ്റിൽ നിന്നും കുടുംബശ്രീയുടെ അതാത് ജില്ലാ യൂണിറ്റുകൾക്കും നൽകുന്നതാണ്.

<u>അനുബന്ധം</u>

1) ജില്ലയുടെ പേര് :-

2) മാസം :-

| ക്രമ നമ്പർ | ഓഫീസിന്റെ പേര് | ഉദ്യോഗാർത്ഥിയുടെ പേര് | പ്രവർത്തിച്ച ദിവസം | അനുവദിച്ച തുക |
|---|---|---|---|---|
| | | | | |
| | | | | |
| ആകെ | | | | |

(എ്. ജയകുമാർ)

*സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (നൂൺ മീൽ)*

*(ഇൻ - ചാർജ്ജ്)*

*പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി*